## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1027** — **05.03.2020 ൽ മറുപടിക്ക്**

**കൊല്ലം-തിരുമംഗലം ദേശീയപാതയ്ക്കായി പുതിയ അലൈൻമെന്റ്**

| **ചോദ്യം**<br>**ശ്രീമതി പി. അയിഷാ പോറ്റി** | **മറുപടി**<br>**ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) കൊല്ലം-തിരുമംഗലം ദേശീയപാതയ്ക്കായി നാഷണൽ ഹൈവേ അതോറിറ്റി പുതിയ അലൈൻമെന്റ് നിശ്ചയിച്ച് ശിപാർശ നൽകിയിട്ടുണ്ടോ;<br><br>(ബി) പുതിയ അലൈൻമെന്റ് നിശ്ചയിച്ച് നൽകാനുണ്ടായ സാഹചര്യം എന്താണ് എന്നറിയിക്കാമോ;<br><br>(സി) പുതിയ അലൈൻമെന്റ് അംഗീകരിക്കുന്നത് സംബന്ധിച്ച് കൂടിയാലോചനകളോ തീരുമാനങ്ങളോ എടുത്തിട്ടുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ? | (എ), (ബി) & (സി) കൊല്ലം - കോട്ടവാസൽ ദേശീയപാത 744 കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം ഭാരത് മാലാ പദ്ധതിയിൽ ഉൾപ്പെടുത്തി 4 വരിപ്പാതയായി വികസിപ്പിക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതിൻ പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ കൺസൾട്ടന്റ് മുഖാന്തിരം സാധ്യതാ പഠനം നടത്തി അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത അലൈൻമെന്റ് കോട്ടവാസൽ മുതൽ ആര്യങ്കാവ് വരെ നിലവിലെ എൻ.എച്ച് 744-ന്റെ അലൈൻമെന്റിൽ കൂടിയും ആര്യങ്കാവ്, ചടയമംഗലം വഴി ദേശീയപാതാ 66 ൽ കടമ്പാട്ടുകോണത്ത് എത്തുന്ന ഗ്രീൻ ഫീൽഡ് അലൈൻമെന്റുമാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ നിലവിലെ ദേശീയപാത 744 ലെ അലൈൻമെന്റിന്റെ പ്രാധാന്യം കണക്കിലെടുത്ത് (കൊട്ടാരക്കര, പുനലൂർ എന്നീ പട്ടണങ്ങളുടെ പ്രാധാന്യം, ശബരിമല റോഡ് എന്ന പ്രാധാന്യം) അത് ദേശീയപാത 744 ആയി നിലനിർത്തി ആവശ്യമായ വികസനം നടത്തുന്നതിന് ഭാരത് മാലയിൽ നിർദ്ദേശിച്ച ഗ്രീൻ ഫീൽഡ് അലൈൻമെന്റ് വഴി പുതിയ inter-state ദേശീയപാതയായി പരിഗണിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**